**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1009** 05.02.2020-ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാർക്കായി പുതുസംരംഭങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. അനിൽ അക്കര | ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) തൊഴിൽരഹിതരായ ഭിന്നശേഷിക്കാർക്ക് പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി തൊഴിൽ വകുപ്പ് കൈവല്യ വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നല്കാമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽരഹിത ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി 'കൈവല്യ' എന്ന പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി (4) സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള, 21-നും 55-നും മദ്ധ്യേ പ്രായമുള്ളതും കുടുംബ വാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതുമായ ആളുകൾക്ക് സ്വയം തൊഴിൽ വായ്പ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പയ്ക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000/- (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. പ്രോജക്ടിന് ആവശ്യമെങ്കിൽ, ഒരു ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തി അയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു

| | | | |
|---|---|---|---|
| | | | ബന്ധുവിനെകൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ /മകൻ/മകൾ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നല്കുന്നതെങ്കിലും പ്രയോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷ-കൾ ലഭിച്ചുവെന്നും ; എത്ര പേർക്ക് വായ്പ അനുവദിച്ചു-വെന്നും വ്യക്തമാക്കാമോ: | (ബി) | ഈ പദ്ധതി പ്രകാരം നാളിതുവരെ 8182 അപേക്ഷകൾ ലഭിച്ചു. അതിൽ 1117 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. |
| (സി) | 2017-ന് ശേഷം അപേക്ഷി-ച്ചവർക്ക് വായ്പ അനുവദി-ക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെ-ന്താണെന്ന് വ്യക്തമാക്കാ-മോ; | (സി) | കൈവല്യ സ്വയം തൊഴിൽ വായ്പ പദ്ധതിയ്ക്കായുള്ള അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലും ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലവും 2017 ന് ശേഷം അപേക്ഷിച്ചിട്ടുള്ള നിരവധി അപേക്ഷകർക്ക് വായ്പ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഈ പദ്ധതിയ്ക്കായി 2019-20 ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തി-യിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | 2019-20 സാമ്പത്തിക വർഷം കൈവല്യ പദ്ധതിയുടെ നാല് ഘടക പദ്ധതികൾക്കും കൂടി 2,10,00,000 /- (രണ്ടു കോടി പത്തു ലക്ഷം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ